**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3848** | **27-10-2021 - ൽ മറുപടിയ്ക്ക്**

**അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2011-16 സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ യുവജനക്ഷേമം, കൃഷി എന്നീ വകുപ്പുകൾ ചേർന്ന് നടത്തിയ അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2015- ൽ സംസ്ഥാന കൃഷി വകപ്പിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയിൽ സംഘടിപ്പിച്ച അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് നടത്തിയ ട്രൈബൽ ഫെസ്റ്റിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വയനാട് യൂണിറ്റ് പി.ഇ.01/2018/വയനാട് ആയി ഒരു പ്രാഥമികാന്വേഷണം നടത്തുകയും റിപ്പോർട്ട് തുടർ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ടിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ, വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കായിക യുവജന കാര്യ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണ് ഉള്ളത്; | (ബി) | 2015- ൽ സംസ്ഥാന കൃഷി വകപ്പിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയിൽ സംഘടിപ്പിച്ച അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് നടത്തിയ ട്രൈബൽ ഫെസ്റ്റിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വയനാട് യൂണിറ്റ് പി.ഇ.01/2018/വയനാട് ആയി ഒരു പ്രാഥമികാന്വേഷണം നടത്തുകയും റിപ്പോർട്ട് തുടർ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ടിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ, വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കായിക യുവജന കാര്യ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന യുവജനക്ഷേമ ബോർഡ് ഈ പരിപാടിക്കായി അനുവദിച്ച 10 ലക്ഷം രൂപയുടെ ധനവിനിയോഗപത്രം നാളിതുവരെ സർക്കാരിൽ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ ശ്രീമതി.ശ്രീലേഖ നേരിട്ട് ചെലവഴിച്ച പത്ത് ലക്ഷം രൂപയുടെ ധനവിനിയോഗപത്രം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നാഷണൽ അഗ്രി ഫെസ്റ്റ് സംഘടിപ്പിച്ചതിന്റെ ഭാഗമായി നടത്തിയ ട്രൈബൽ ഫെസ്റ്റിന്റെ ചെലവുകൾക്ക് അനുവദിച്ച 20 ലക്ഷം രൂപയിൽ, 10 ലക്ഷം രൂപ കൈപ്പറ്റിയ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ബിജു, കൈപ്പറ്റ് രശീതും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റിയ 10 ലക്ഷം രൂപയുടെ കണക്കുകൾ സംബന്ധിച്ച് നടത്തിയ ആഡിറ്റിൽ പലവിധ ചെലവുകളുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും നാളിതുവരെ ബോർഡിനു സമർപ്പിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ